കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നയ്ക്കൽ

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

***e-mail:lfadtvm@yahoo.in***
***dotvm.ksad@kerala.gov.in***

"ഭരണഭാഷ മാതൃഭാഷ"

നം.കെ.എസ്.എ.റ്റി.വി.എം. മിസ്.1/1987/2018

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
ഫോൺ 0471-2331231
e-mail- lfadtvm@yahoo.in

തീയതി : 27.10.2018

ജോയിന്റ് ഡയറക്ടർ

ചെയർമാൻ
കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നക്കൽ
തിരുവനന്തപുരം.

സർ,

വിഷയം:- കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നക്കൽ 2017-18 വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തോന്നക്കൽ ന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ്
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
2) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.**1/1987/2018**

തീയതി.**27.10.2018**

## <u>കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ 2017-18 വർഷത്തെ വരവ്/ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

| | | |
|---|---|---|
| ഓഡിറ്റ് ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, തസ്തികയും | : | ശ്രീ.മുഹമ്മദ് നിസാർ.എ<br>ജോയിന്റ് ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. എ. മുഹമ്മദ് സലിം, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)<br><br>ശ്രീ. പി.കെ. വിനുകുമാർ, (ഓഡിറ്റർ) |
| ഓഡിറ്റ് നടത്തിയ തീയതി | : | 05.09.2018 മുതൽ 06.09.2018 വരെ |

<u>നിർവഹണാധികാരികൾ</u>

| | | |
|---|---|---|
| 1. ചെയർമാൻ | : | പ്രൊഫ. വി. മധുസൂദനൻ നായർ , (1.4.2017 മുതൽ 31.3.2018 വരെ) |
| 2. സെക്രട്ടറി | : | പ്രൊഫ. അയിലം ഉണ്ണികൃഷ്ണൻ , (1.4.2017 മുതൽ 31.3.2018 വരെ) |
| 3. ഡയറക്ടർ | : | ശ്രീ. സദാശിവൻ നായർ, (സാംസ്കാരിക വകുപ്പ് ഡയറക്ടർ) (1.4.2017 മുതൽ 31.3.2018 വരെ ) |
| 4. ട്രഷറർ, (ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് | : | 1) ശ്രീ. കെ. അജികുമാർ (1.4.2017 മുതൽ 24.6.2017 വരെ)<br><br>2) ശ്രീ. എ. ജോസഫ് (ജോയിന്റ് ബിഡിഒ) ചാർജ് (24.6.2017 മുതൽ 6.8.2017 വരെ)<br><br>3) ശ്രീ. ശിശുപാലൻ, ബി.ഡി.ഒ. (7.8.2017 മുതൽ 31.3.2018 വരെ ) |

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ആമുഖം</u>

മനുഷ്യകഥാനുഗായിയായ മഹാകവി കുമാരനാശാന്റെ സ്മരണ നിലനിർത്താൻ, കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ് 1958ൽ ആശാൻ സ്മാരകത്തിന് ശിലാസ്ഥാപനം നടത്തിയത്. ആശാൻ സ്മാരകം പ്രവർത്തനമാരംഭിച്ചിട്ട് അരനൂറ്റാണ്ട് പിന്നിടുകയാണ്. 1999ലാണ് ആശാൻ സ്മാരകത്തെ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ (KANIC) ആയി ഉയർത്തി, സമഗ്രവികസന പദ്ധതികൾ ആവിഷ്കരിച്ചത്. സാംസ്കാരിക വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണ നിയന്ത്രിക്കുന്നത് സർക്കാർ നിയമിക്കുന്ന സാഹിത്യ, സാംസ്കാരിക, സാമൂഹിക മേഖലയിലുള്ളവരാണ്. മഹാകവിയുടെ ദർശനങ്ങളും സാഹിത്യ രചനകളും ലോകമെമ്പാടും പ്രചരിപ്പിക്കുക, അന്തർദേശീയ ഗവേഷണകേന്ദ്രമാക്കുക, വൈവിധ്യമാർന്ന ഇന്ത്യൻ സാംസ്കാരിക ധാരകളെക്കുറിച്ച്

പഠന പരിപാടികളും ഗവേഷണങ്ങളും സംഘടിപ്പിക്കുക, മികച്ച സാംസ്കാരിക ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തുക, മഹാകവിയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക എന്നിവയാണ് സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ. കേരള സർവകലാശാല അംഗീകരിച്ച പഠന ഗവേഷണകേന്ദ്രം കൂടിയാണിത്. മഹാകവിയുടെ കൃതികളെയും ജീവിതത്തെയും കുറിച്ചുള്ള പഠന ഗ്രന്ഥത്തിന് "വീണപൂവ് ശതാബ്ദി പുരസ്കാര"വും മലയാളത്തിലെ ഏറ്റവും നല്ല കാവ്യ ഗ്രന്ഥത്തിനും വിവർത്തനത്തിനും ദേശീയ – അന്തർദേശീയ നിലവാരം പുലർത്തുന്ന ആശാൻ പുരസ്കാരവും നൽകി വരുന്നു.

# 1-2 ബജറ്റ്

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് 2017 മാർച്ച് 10 ന് ഭരണ സമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 6,43,82,000/- രൂപയും ചെലവ് 5,49,00,000/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 1,89,99,662/- രൂപയും ചെലവ് 59,78,587/- രൂപയും നീക്കിയിരിപ്പ് 1,30,21,075/- രൂപയുമാണ്.

ബജറ്റ് പ്രകാരമുള്ള വരവ്- ചെലവ് തുകയും യഥാർത്ഥ വരവ് ചെലവ് തുകയും തമ്മിൽ പ്രകടമായ അന്തരം കാണുന്നു. കാവ്യശില്പ നിർമ്മാണ പൂർത്തീകരണത്തിന് 10,00,000/- രൂപ ബജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും യഥാർത്ഥ ചെലവ് 1,74,005/- രൂപ മാത്രമാണ്. ആശാൻ ഭവന സംരക്ഷണണത്തിന് 30,00,000/- രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 33,115/- രൂപയാണ്. അതിഥി സൽക്കാരത്തിന് 50,000/- രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചപ്പോൾ ചെലവ് 55,367/- രൂപയായി വർദ്ധിച്ചിട്ടുണ്ട്. ബജറ്റും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-3 വരവ് ചെലവ് കണക്കുകളുടെ രേഖകൾ പരിപാലിക്കുന്നതിൽ അപാകം

സ്ഥാപനത്തിന്റെ വരവ്/ചെലവുകൾക്ക് സാധൂകരണം നൽകുന്നതിനായി തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള രേഖകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) വൗച്ചറുകൾക്ക് ഒപ്പം സൂക്ഷിച്ചിട്ടുള്ള ഇൻവോയ്സ്/ക്യാഷ് ബില്ലുകൾ നിയന്ത്രണാധികാരി ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല.

2) വൗച്ചറുകൾക്ക് തുടർച്ചയായും ക്രമമായും മെഷീൻ നമ്പർ ഉപയോഗിച്ചിട്ടില്ല.

3) ഇൻവോയ്സ്/ക്യാഷ്ബില്ലുകൾ വൗച്ചറുകളായി പരിഗണിക്കുന്നു.

4) സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പള വിതരണത്തിന് ക്യാഷ്ബുക്കിൽ വൗച്ചർ നമ്പരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നമ്പർ ചെയ്ത വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ചെക്ക് നൽകി കഴിഞ്ഞാൽ ക്യാഷ് ബുക്കിൽ അന്നേ ദിവസം ചെലവ് രേഖപ്പെടുത്തുന്നില്ല. പാസ് ബുക്കിൽ ചെക്ക് ഡെബിറ്റ് ചെയ്യുമ്പോൾ മാത്രമാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്.

6) ക്യാൻസൽ ചെയ്യുന്ന ക്യാഷ്ബുക്ക് പേജുകൾ, കാരണം രേഖപ്പെടുത്തി നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തുന്നില്ല.

7) പ്രതിമാസ രസീത് ആന്റ് പേയ്മെന്റ്/ മാസാന്ത്യ ക്യാഷ്ബുക്ക് പാസ് ബുക്ക് റിക്കൺസിലിയേഷൻ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ ഒഴിവാക്കി നിയമാനുസൃതം രേഖകൾ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം – വാർഷിക ഗ്രാന്റ്

| ക്രമ നം. | ഗ്രാന്റ് അനുവദിച്ച ഉത്തരവ് | തുക (രൂ.) | ക്രഡിറ്റ് ചെയ്ത തീയതി |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് | | | |
| 1 | സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 12.5.2017ലെ എ1/2658/17/സാം.വ. നമ്പർ നടപടിക്രമം | 5,00,000 | 16.5.2017 |
| 2 | സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 17.7.2017ലെ എ1/2658/17/സാം. വ. നമ്പർ നടപടിക്രമം | 5,00,000 | 21.7.2017 |
| 3 | സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 30.10.2017ലെ എ1/2658/ 17/സാം. വ. നമ്പർ നടപടിക്രമം | 5,00,000 | 7.11.2017 |
| | ആകെ | 15,00,000 | |
| നോൺ പ്ലാൻ ഗ്രാന്റ് | | | |
| 1 | സ.ഉ.(സാധാ.)നം. 38/2018/ സാം.ക.വ. തീയതി 24.1.2018 | 8,33,333 | 6.2.2018 |
| 2 | സ.ഉ.(സാധാ.)നം. 249/2018/ സാം.ക.വ. തീയതി 28.3.2018 | 1,67,000 | 31.3.2018 |
| | ആകെ | 10,00,333 | |
| സ്പെഷ്യൽ ഗ്രാന്റ് | | | |
| 1 | സ.ഉ.(സാധാ.)നം. 539/2017/ സാം.ക.വ. തീയതി 14.9.2017 | 18,33,333 | 27.9.2017 |
| 2 | സ.ഉ.(സാധാ.)നം. 147/2018/ സാം.ക.വ. തീയതി 14.3.2018 | 13,75,000 | 17.3.2018 |

| | | | |
|---|---|---|---|
| ആകെ | | 32,08,33 | |
| ലൈബ്രറി കൗൺസിൽ ഗ്രാന്റ് | | | |
| 1 | ചെക്ക് നം. (ലഭ്യമാക്കിയില്ല) | 7,000 | 6.6.2017 |
| 2 | " | 12,000 | 13.6.2017 |
| 3 | " | 1,500 | 18.9.2017 |
| 4 | " | 7,000 | 13.6.2017 |
| | | 1,500 | 18.9.2017 |
| ആകെ | | 20,500 | |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിർമ്മാണ പ്രവൃത്തികൾക്ക് നിയമാനുസൃത നടപടി സ്വീകരിക്കണം.

കുമാരനാശാൻ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് എല്ലാ വർഷവും വിവിധ സാംസ്കാരിക പരിപാടികൾക്ക് വേദിയാകാറുണ്ട്. പ്രസ്തുത പരിപാടികളുടെ നടത്തിപ്പിന് സ്റ്റേജ് അനുബന്ധ പ്രവർത്തനങ്ങൾക്ക് വേണ്ടി ലക്ഷക്കണക്കിന് രൂപയുടെ ചെലവ് ഉണ്ടാകുന്നുണ്ട്. പ്രസ്തുത ചെലവുകൾ ലഘൂകരിക്കുക എന്ന ഉദ്ദേശത്തോടെയാണ് 5/2018 ൽ കൂടിയ ഭരണ സമിതി യോഗത്തിന്റെ 15-ാം നമ്പർ തീരുമാനപ്രകാരം സ്ഥിരമായ ഒരു സ്റ്റേജ് ഉണ്ടാക്കാൻ തീരുമാനിച്ചത്. പ്രസ്തുത പ്രവൃത്തിക്ക് പരമാവധി ചെലവഴിക്കാവുന്ന തുക ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുകയും ചെയ്തു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തിയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചു. (ക്വട്ടേഷൻ നോട്ടീസ് പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.) മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുക്കുകയുണ്ടായി. ഇതിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ബി.പി.എൽ. (എസ്.എസ്. രജി. നം. 09/40/CHZ/7432) എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 100000/- രൂപ അഡ്വാൻസായി നൽകുകയും ചെയ്തു. (ചെക്ക് നം. 015664/4.8.2017) ഭരണ സമിതി തീരുമാനത്തിന് വിരുദ്ധമായി 16,54,000/-രൂപയ്ക്കാണ് സ്റ്റേജ് നിർമ്മാണം അംഗീകരിച്ചത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ വേളയിൽ ക്വാട്ട് ചെയ്ത തുകയിലും അധികരിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തി അഡ്വാൻസ് ഉൾപ്പെടെ ആകെ 4,01,865/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണ/വാങ്ങൽ പ്രവൃത്തികൾക്ക് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാതെയാണ് നിർവഹണം നടത്തിയിട്ടുള്ളത്.

| ക്രമ നം. | നിയമപരമായി സ്ഥാപനം സ്വീകരിക്കേണ്ട നടപടിക്രമം | സ്ഥാപനം സ്വീകരിച്ച നടപടികൾ |
|---|---|---|
| 1 | നിർമ്മാണ/പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സർക്കാർ അംഗീകൃത സാങ്കേതിക വിദഗ്ദ്ധന്റെ (അസി. എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത) എസ്റ്റിമേറ്റ് അംഗീകാരം എന്നിവ ഉണ്ടാകേണ്ടതാണ്. (KFC Article 173(a)) | എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല. |
| 2 | ഒരു ലക്ഷം രൂപയിൽ അധികരിച്ച് ചെലവഴിക്കുന്ന പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിക്കേണ്ടതാണ്. (കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7-7) | 1,65,000/- രൂപ്ക്കുള്ള പ്രവൃത്തി ക്വട്ടേഷൻ വഴിയാണ് നിർവഹണ ഘട്ടത്തിൽ ചെലവ് ക്വട്ടേഷൻ തുകയിൽ അധികരിയ്ക്കുകയും ചെയ്തു. |
| 3 | കരാറിന്റെ പൊതു നിബന്ധനകൾ വിശദമായ സ്പെസിഫിക്കേഷൻ, ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് എന്നിവ quotation / tender നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. (കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 24 KFC article 131) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. നിർമ്മിക്കേണ്ട സ്റ്റേജിന്റെ നീളം, വീതി, ഉപയോഗിക്കേണ്ട സാധനങ്ങളുടെ വിവരം എന്നിവ ഉൾപ്പെടുത്താതെ ക്വട്ടേഷൻ നൽകി (ക്വട്ടേഷൻ നോട്ടീസ് ഓഡിറ്റിന് ഹാജരാക്കിയില്ല.)<br><br>സ്റ്റേജ് നിർമ്മാണം സാങ്കേതിക വിദഗ്ദ്ധർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ നിർമ്മാണ/വാങ്ങൽ പ്രവൃത്തി നടത്തിയ ഭരണ സമിതിയുടെ നടപടിയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-2 കാവ്യശിൽപ നിർമ്മാണം – നിർമ്മാണം പൂർത്തിയായില്ല.

മഹാകവി കുമാരനാശാന്റെ കാവ്യങ്ങളെ ആസ്പദമാക്കി കാവ്യശില്പം നിർമ്മിക്കുന്നതിന് 1999ൽ തീരുമാനിക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ശില്പി ശ്രീ. കാനായി കുഞ്ഞിരാമനെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഈ പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ശില്പിയുമായി കരാർ വയ്ക്കുകയോ കാലാവധി നിശ്ചയിക്കുകയോ ചെയ്തില്ല. 2017-18 സാമ്പത്തിക വർഷം വരെ ഇതിനായി 37,96,005/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (06/05.9.2018) മറുപടിയിൽ, മുൻഭരണ സമിതികളുമായുള്ള അഭിപ്രായ വ്യത്യാസത്തെ തുടർന്ന് നിർമ്മാണ പ്രവൃത്തി മുടങ്ങുകയായിരുന്നുവെന്നും ഇപ്പോഴത്തെ ഭരണസമിതി സർക്കാർ സഹായത്തോടെ കാവ്യശിൽപ നിർമ്മാണം പുനഃരാരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പിന്റെ 4.2.2015ലെ 5535/എ2/2011 സാം.ക.വ. ഉത്തരവ് പ്രകാരം ശിൽപ നിർമ്മാണങ്ങളും മറ്റും നടത്തുമ്പോൾ ശിൽപിയുമായി ഒരു എഗ്രിമെന്റ് വയ്ക്കുന്നതിനും ശിൽപത്തിന്റെ ഉയരം അളവുകൾ, ചെലവുകൾ ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് എന്നിവ മുൻകൂട്ടി തയ്യാറാക്കുന്നതിനും ആയത് കരാറിൽ ഉൾപ്പെടുത്തുന്നതും, പൊതുപണം ഉപയോഗിച്ച് നടത്തുന്ന ഇത്തരം പ്രവൃത്തികൾ ചട്ടപ്രകാരം നടത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിലെ ഭരണ സമിതി പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോഴും ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ തയ്യാറായിട്ടില്ല. കൃത്യമായ ആസൂത്രണത്തിന്റെയും ഉചിതമായ തീരുമാനങ്ങളുടെയും അഭാവം കാരണം രണ്ടു പതിറ്റാണ്ടായിട്ടും കാവ്യ ശില്പ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പ്രവൃത്തിയ്ക്കായി കരാർ ചമയ്ക്കാത്തതു കാരണം നിയമ നടപടികൾ സ്വീരിക്കാനും കഴിയുന്നില്ല.

കാവ്യ ശില്പ നിർമ്മാത്തിനായി ഭീമമായ തുക ചെലവഴിച്ചിട്ടും, ഇതു വരെ യാഥാർത്ഥ്യമാകാത്തത് ഭരണ സമിതി പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതും, നിർമ്മാണം പൂർത്തിയാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-3 ഡോക്യുമെന്ററി നിർമ്മാണം ആരംഭിച്ചിട്ടില്ല.

മഹാകവി കുമാരനാശാന്റെ കൃതികളെയും ജീവിതത്തെയും, കുമാരനാശാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന്റെ പ്രവർത്തനങ്ങളെയും പ്രചരിപ്പിക്കുന്നതിനായി 2017-18 ബജറ്റിൽ 15 ലക്ഷം രൂപ വകയിരുത്തി ഡോക്യുമെന്ററി നിർമ്മിക്കാൻ തീരുമാനിക്കുകയും 20.10.2017ൽ ചേർന്ന ഭരണ സമിതി ഡോക്യുമെന്ററി നിർമ്മിക്കുന്നതിനായി ശ്രീ. വിപിൻ വിജയ് എന്ന സംവിധായകനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഓഡിറ്റ് അന്വേഷണ (നം.2/ 25.9.2018)ത്തിനുള്ള മറുപടിയിൽ ഡോക്യുമെന്ററി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചുമതലപ്പെടുത്തിയ ഡയറക്ടർ നൽകിയ ഭീമമായ എസ്റ്റിമേറ്റും സ്ഥാപനത്തിന് ഗുണകരമല്ലാത്ത നിബന്ധനകളും കാരണം പ്രസ്തുത ഡയറക്ടറെ ഒഴിവാക്കാൻ കമ്മിറ്റി തീരുമാനിച്ചു. (കമ്മിറ്റി തീരുമാനം നമ്പർ, തീയതി എന്നിവ ലഭ്യമാക്കിയിട്ടില്ല.)

സ്ഥാപനത്തിന്റെ പ്രവർത്തനത്തിനും പ്രചരണത്തിനും ഏറെ ഗുണകരമാകാവുന്ന ഡോക്യുമെന്ററി നിർമ്മാണം വളരെ ലാഘവത്തോടെയാണ് ഭരണ സമിതി കണ്ടത്. കൃത്യമായ ആസൂത്രണമോ, ചർച്ചയോ, വിപുലമായ സാധ്യതകളോ പ്രയോജനപ്പെടുത്തിയില്ല. പ്രോജക്ടുകളും ക്വട്ടേഷനും വാങ്ങി പ്രസ്തുത ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് മുൻപ് സ്ഥാപനത്തിന്റെ താത്പര്യം സംരക്ഷിക്കുന്ന തരത്തിൽ ഭരണസമിതിയും ഡയറക്ടറും തമ്മിൽ ധാരണയിലെത്തേണ്ടിയിരുന്നു. കൃത്യമായ ധാരണകളുടെയും കരാറുകളുടെയും അഭാവത്തിൽ ഡോക്യുമെന്ററി നിർമ്മാണ പ്രവർത്തനം തടസ്സപ്പെടുത്തുകയും 2017-18ലെ പദ്ധതി വിഹിതം ചെലഴവിക്കാതെ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. നിലവിൽ ശ്രീ. സതീഷ് അനന്തപുരി എന്ന ഡയറക്ടറെ കൊണ്ട് ഡോക്യുമെന്ററി നിർമ്മിക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹവുമായി സ്ഥാപനത്തിന്റെ താത്പര്യം മുൻനിർത്തിയുള്ള കരാർ ചമയ്ക്കാനും നിർമ്മാണത്തിൽ സമയക്ലിപ്തത പാലിക്കാനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-4 സ്റ്റോർ പർച്ചേസ് മാന്വൽ – വ്യവസ്ഥകൾ പാലിക്കുന്നില്ല.

2017-18 വർഷം സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വിവിധ പ്രവർത്തനങ്ങൾക്കുമായി വൻതുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച സ്റ്റോർ പർച്ചേയ്സ് മാനുവലിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചു കാണുന്നില്ല. താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിന് ക്വട്ടേഷൻ ടെണ്ടർ വിളിച്ചതായി രേഖകളില്ല.

| ഫയൽ നം. | പ്രവർത്തി | വൗച്ചർ നം. | തുക |
|---|---|---|---|
| 111/2017/ KANIC | അലുമിനിയം ഫേബ്രിക്കേഷൻ | ലഭ്യമല്ല | 35000 |
| 111/2017/ KANIC | മുള്ളുവേലി നിർമ്മാണം | 687/17-18 4.8.2017 | 12500<br>10000 |

| | | | |
|---|---|---|---|
| | | 608/17-18 19.7.2017 | |
| 60A1/2017/ KANIC | ദേശീയോത്സവം മൈക്ക് സ്റ്റേജ് | 1587/17-18 1.2.2018 | 135000 |
| 60A1/2017/ KANIC | വീഡിയോ & ഫോട്ടോ (ദേശീയോത്സവം) | 1566/17-18 31.1.2018 | 50000 |

മേൽ പ്രവൃത്തികൾ മുള്ളുവേലി, വെൽഡിംഗ് എന്നിവയ്ക്ക് 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ നൽകിയതിൽ ബി.സി.എൽ. Welding centre (ബിൻചന്ദ്രപാൽ, ഓല്യ വിളാകം ഹൗസ്, അഞ്ചുതെങ്ങ് പി.ഓ.) എന്ന സ്ഥാപനത്തിനാണ് 2017 മേയ് മാസം 18-ാം തീയതിയിലെ ഭരണ സമിതി തീരുമാനം 15 പ്രകാരം അംഗീകരിച്ച നൽകുകയും, ഫാബ്രിക്കേഷൻ വർക്ക് ക്രിയേറ്റീവ് അലുമിനിയം എന്ന സ്ഥാപനത്തിനുമാണ് നൽകിയത്. മൈക്ക് സെറ്റ്, വീഡിയോ ഫോട്ടോ എന്നിവ ക്വട്ടേഷൻ മുഖേന യു.എ.ഇ. ലൈറ്റ് & സൗണ്ട് പോത്തൻകോടിനു നൽകി.

ഈ പ്രവൃത്തികൾ കൃത്യമായ വ്യവസ്ഥകൾ പാലിക്കാതെ നൽകിയത് സംബന്ധിച്ചുള്ള അന്വേഷണക്കുറിപ്പിന് (നം 07/5.9.2018) പ്രവൃത്തികൾക്ക് ക്വട്ടേഷൻ വിളിച്ചിട്ടുണ്ടെന്നും ഭാവിയിൽ കർശനമായി വ്യവസ്ഥകൾ പാലിച്ചേ പ്രവൃത്തികൾ തടഞ്ഞുകയുള്ളു എന്നുമാണ് മറുപടി ലഭിച്ചത്.

ഇതിൽ ഫയൽ നം. 60A1/2017/KANIC ദേശീയോത്സവത്തിനായി മൈക്ക് സെറ്റ്, സ്റ്റേജ് എന്നിവയ്ക്ക് ചെലവഴിച്ചത് 1,35,000/- രൂപയാണ്.

ഈ ഇനത്തിൽ സ്റ്റോർ മാനുവൽ പ്രകാരം (ഖണ്ഡിക 7.7) ടെണ്ടർ ക്ഷണിക്കേണ്ടതായിരുന്നു. ഈ പ്രവൃത്തികളിൽ ഏർപ്പെട്ടവരുമായി സ്റ്റോർ പർച്ചേയ്സ് മാനുവൽ (ഖണ്ഡിക 9.60.9.61) പ്രകാരമുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടില്ല. സ്ഥാപനത്തിൽ നടത്തുന്ന നിർമ്മാണ പ്രവർത്തികൾക്കും വാങ്ങലുകൾക്കും സർക്കാർ ഉത്തരവുകൾ പാലിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വെങ്കല പ്രതിമ നിർമ്മാണം പൂർത്തിയായിട്ടില്ല.

1997ലെ KANIC മാനേജിംഗ് കമ്മിറ്റി, മഹാകവി കുമാരനാശാന്റെ പൂർണ്ണകായ വെങ്കല പ്രതിമ ശിൽപി ശ്രീ. കാനായി കുഞ്ഞിരാമനെ കൊണ്ട് നിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിൻ പ്രകാരം 2004ൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. പ്രതിമാ നിർമ്മാണത്തിനായി സർക്കാർ നിർദ്ദേശപ്രകാരം 2700 കിലോഗ്രാം ചെമ്പ് (കെ.എസ്.ഇ.ബി.യിൽ നിന്നും 2000 കിലോഗ്രാമും, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ടിൽ നിന്നും 700 കിഗ്രാമും) സൗജന്യമായി ലഭിച്ചിരുന്നു. സൗജന്യമായി പ്രതിമാ നിർമ്മാണം വാഗ്ദാനം ചെയ്തിരുന്ന ശ്രീ. കാനായി കുഞ്ഞിരാമൻ പിന്നീട് പ്രതിഫലം ആവശ്യപ്പെടുകയും വിവിധ ഘട്ടങ്ങളിലായി 10 ലക്ഷം രൂപ കൈപ്പറ്റുകയും ചെയ്തു. 6.4.2013 മുതൽ ഒരു വർഷത്തിനുള്ളിൽ പ്രതിമാ നിർമ്മാണം പൂർത്തിയാക്കി നൽകുമെന്ന് ശിൽപി രേഖാമൂലം അറിയിച്ചെങ്കിലും നാളിതുവരെ പ്രതിമ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08(1)/6.9.2018) മറുപടിയായി പ്രതിമാ നിർമ്മാണം പൂർത്തിയാക്കലിന്റെ പാതയിലാണെന്നും, കാവ്യശിൽപത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് പ്രതിമ സ്ഥാപിക്കുമെന്നുമാണ് അറിയിച്ചത്. ശിൽപിയുമായി കരാറില്ലാതെ പ്രതിമാ നിർമ്മാണം ആരംഭിച്ചതും തുക കൈമാറിയതും ഭരണസമിതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. 2017-18 ബഡ്ജറ്റിൽ വെങ്കല പ്രതിമ

നിർമ്മാണ പൂർത്തീകരണവും സ്ഥാപിക്കലിനുമായി 31,00,000/- രൂപ വകയിരുത്തിയെങ്കിലും നടപ്പിലാക്കാനുള്ള ശ്രമങ്ങളൊന്നും ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. പ്രതിമാ നിർമ്മാണം പൂർത്തികരിച്ച് സ്ഥാപിക്കുവാൻ ഭരണ സമിതി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-6 സർക്കാർ അംഗീകാരമില്ലാതെ ഭരണ സമിതി അംഗത്തിന് ഹോണറേറിയം

25.8.2017 നു കൂടിയ മാനേജിംഗ് കമ്മിറ്റി യോഗം, പുഷ്പവാടി ചെടി നഴ്സറിയുടെ മേൽനോട്ട ചുമതല ഭരണസമിതി അംഗം ശ്രീ. വിമൽകുമാറിന് നൽകാനും (തീരുമാനം നം. 4) ടിയാൻ സ്ഥാപനത്തിൽ വരുന്ന ദിവസങ്ങളിൽ പ്രതിദിനം 400/- രൂപയിൽ ക്രമത്തിൽ 8,000/- രൂപയിൽ കവിയാത്ത തുക നൽകാനും തീരുമാനിച്ചു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08(2)/6.9.2018) മറുപടിയായി ഭരണസമിതി അംഗങ്ങൾ എല്ലാ ദിവസവും സ്മാരകത്തിൽ ഹാജരാകേണ്ട നിർബന്ധമില്ലായെന്നും അതു കൊണ്ടാണ് ഇത്തരമൊരു തീരുമാനമെടുത്തതെന്നും അറിയിച്ചിട്ടുണ്ട്. 30.8.2017 മുതൽ സാമ്പത്തിക വർഷം അവസാനിക്കുന്നതു വരെ ആകെ 47000/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ചെടി നഴ്സറിയുടെ ചെലവ് 203781/- രൂപയും വരവ് 32260/- രൂപയുമാണ്. സാമ്പത്തിക നഷ്ടം സംഭവിച്ചു കൊണ്ടിരിക്കുന്ന പ്രസ്തുത പ്രവൃത്തിയ്ക്ക് ഇത്തരം ചെലവുകൾ കൂടുതൽ സാമ്പത്തിക ബാധ്യത സ്ഥാപനത്തിന് വരുത്തി വയ്ക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

സ്ഥാപനത്തിലെ രേഖകൾ പരിശോധിച്ചതിൽ ഈ തുക ഹോണറേറിയമായി നൽകുന്ന രീതിയാണ് കാണാൻ കഴിഞ്ഞത്. ടിയാൻ കൃത്യ നിർവഹണത്തിന് എത്തിയതിന്റെ വിവരങ്ങൾ ഒരും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല, സ്ഥാപനത്തിന്റെ ബൈലോ VI (IV) പ്രകാരം 250/- രൂപയ്ക്ക് മുകളിൽ വരുന്ന ഇത്തരം സാമ്പത്തിക ഇടപാടുകൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുമുണ്ട്. എന്നാൽ ഈ നടപടിക്രമങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല.

## 3-7 വീണപൂവ് ശതാബ്ദി പുരസ്കാരം ലക്ഷ്യത്തിൽ നിന്നും വീതിചലിച്ചു.

കുമാരനാശാനെയോ അദ്ദേഹത്തിന്റെ കൃതികളെയോ കുറിച്ച് ഗൗരവമുള്ള പഠന ഗ്രന്ഥങ്ങൾക്കാണ് വീണപൂവ് ശതാബ്ദി പുരസ്കാരം നൽകുന്നത്. 12.6.2009ൽ ഭരണ സമിതി അംഗീകരിച്ച ബൈലോ പ്രകാരമാണ് പുരസ്കാരം നൽകുന്നത്. ശ്രീ. കോട്ടുക്കൽ ശ്രീധർ നൽകിയ ഒരു ലക്ഷം രൂപ, സ്ഥിര നിക്ഷേപമായി ഇട്ടതിന്റെ പലിശയിൽ നിന്നാണ് പുരസ്കാര തുക നൽകുന്നത്. എന്നാൽ നിലവിൽ ബൈലോയിലെ നിയമാവലികൾ ലംഘിച്ചാണ് പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

| വീണപൂവ് ശതാബ്ദി സമ്മാനം | |
|---|---|
| ബൈലോ ചട്ടങ്ങൾ | നിലവിൽ തീരുമാനിച്ചത്. |
| 1) ചട്ടം (2) | |
| കൃതിയുടെ സ്വഭാവം, ഓരോ വർഷവും ജൂൺ 30 ന് അവസാനിക്കുന്ന 5 വർഷത്തിനുള്ളിൽ ഒന്നാം പതിപ്പായി | നം. 77/2017/KANIC , തീയതി 9.8.2017 കത്ത്. |

| | |
|---|---|
| പ്രസിദ്ധീകരിക്കപ്പെടുന്ന മലയാളത്തിലെ മികച്ച ആശാൻ പഠന ഗ്രന്ഥത്തിനാണ് അവാർഡ് നൽകുക | 2017 ഒക്ടോബർ 31 ന് മുൻപുള്ള 5 വർഷങ്ങൾക്കുള്ളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളായിരിക്കണം. |
| (2) ചട്ടം (11) | |
| 11,907/- രൂപയും പ്രശസ്തിപത്രവും ശിൽപ്പവും അടങ്ങുന്നതാണ് വീണപൂവ് ശതാബ്ദി സമ്മാനം. വീണപൂവ് ആദ്യമായി പ്രകാശിതമായ വർഷം (1907) പരിഗണിച്ചാണ് സമ്മാന തുക 11907/- രൂപ എന്നു നിശ്ചയിച്ചത്. | നം. 77/2017/KANIC , തീയതി 9.8.2017 കത്ത് പ്രകാരം വീണപൂവ് പുരസ്കാരം 12,500/- രൂപയും പ്രശസ്തി പത്രവും ശിൽപ്പവും ആണ്. |
| (3) ചട്ടം (13) | |
| കുമാരനാശാനെയോ അദ്ദേഹത്തിന്റെ കൃതികളെയോ കുറിച്ച് ഗൗരവമുള്ള പഠന ഗ്രന്ഥങ്ങൾ ലഭ്യമല്ലാത്ത വർഷങ്ങളിൽ പുരസ്കാര സമർപ്പണം ഒഴിവാക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക സ്ഥിര നിക്ഷേപത്തിൽ മുതൽ കൂട്ടുകയും ചെയ്യേണ്ടതാണ്. | 1) നം. 77/2017/KANIC , തീയതി 30.8.2017 കത്ത്<br><br>2) KANIC ഭരണസമിതിയുടെ 25.8.2017ലെ 5-ാം നമ്പർ തീരുമാനം.<br>363/09-10 സ്ഥിര നിക്ഷേപത്തിന്റെ പലിശ പിൻവലിക്കാൻ തീരുമാനിച്ചു. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 12/06.9.2018) ഭരണസമിതി കാലോചിതമായി വ്യത്യാസങ്ങൾ വരുത്തിയെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ബൈലായുടെ ഭേദഗതി സംബന്ധിച്ച യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സ്ഥിര നിക്ഷേപത്തിൽ നിന്നും പിൻവലിച്ച പലിശ 47,806/- രൂപ തിരികെ സ്ഥിര നിക്ഷേപത്തിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3-8 വിവേകോദയം മാസിക സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ല.

1904ൽ മഹാകവി കുമാരനാശാൻ പത്രാധിപരായി ആരംഭിച്ച മാസികയാണ് വിവേകോദയം. പിൽക്കാലത്ത് പ്രസിദ്ധീകരണം അവസാനിപ്പിച്ച മാസിക പുനഃപ്രസിദ്ധീകരിക്കാൻ കുമാരനാശാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറൽ തീരുമാനിക്കുകയുണ്ടായി. സാഹിത്യ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉപയോഗപ്രദമായ തരത്തിൽ ഗവേഷക പ്രാധാന്യത്തോടെ സ്ഥാപനത്തിന്റെ മുഖപത്രമായി വിവേകോദയം മാസിക പ്രസിദ്ധീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. വിവേകോദയത്തിന്റെ ത്രൈമാസ പ്രസിദ്ധീകരണത്തിനായി കേരള യൂണിവേഴ്സിറ്റി, ഗ്രാന്റിനത്തിൽ, 15,000/- രൂപ സ്ഥാപനത്തിന് നൽകുന്നുണ്ട്. എന്നാൽ സമയബന്ധിതമായി മാസിക പ്രസിദ്ധീകരിക്കാൻ ഭരണ സമിതിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/6.9.2018) നൽകിയ മറുപടി 44-ാം ലക്കം 2017 ഡിസംബറിൽ പ്രസിദ്ധീകരിച്ചുവെന്നാണ്. 44-ാം ലക്കം പ്രസിദ്ധീകരിച്ചത് 2016 ഒക്ടോബർ ഡിസംബർ ത്രൈമാസമാണെന്ന് വ്യക്തമായിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം ഒരു ലക്കവും 2017-18 സാമ്പത്തിക വർഷം 4 ലക്കവും പ്രസിദ്ധീകരണം

മുടങ്ങിയിരിക്കുകയാണ്. സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതും യശസ്സുയർത്തുന്നതും വിവേകോദയം ത്രൈമാസികം സമയബന്ധിതമായി പ്രതിദ്ധീകരിക്കാൻ ഭരണസമിതി കൂടുതൽ ജാഗ്രത കാണിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 തനത് ഫണ്ട്.

| | | |
|---|---|---|
| മുന്നിരിപ്പ് | : | 12003918.00 |
| വരവ് | : | 6995744.00 |
| ആകെ | : | 18999662.00 |
| ചെലവ് | : | 5978587.00 |
| നീക്കിയിരിപ്പ് | : | 13621075.00 |

*നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ*

| | | |
|---|---|---|
| 1) ട്രഷറി പി.ഡി. അക്കൗണ്ട് നം. 799011700000069 | : | 86,99,617.00 |
| 2) ജില്ലാ ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് നം. 799011400000300 | : | 40,92,887.00 |
| 3) സ്ഥിര നിക്ഷേപം (നം. 334/1718) തോന്നയ്ക്കൽ അഗറികൾച്ചറൽ ക്രഡിറ്റ് സഹകരണ സംഘം | : | 1,00,000.00 |
| 4) ജില്ലാ സഹകരണ ബാങ്ക് മംഗലപുരം ശാഖ, എസ്.ബി. അക്കൗണ്ട്. നം. 020641200400001 | : | 80,415.00 |
| 5) ജില്ലാ സഹകരണ ബാങ്ക് മംഗലപുരം ശാഖ, എസ്. ബി. അക്കൗണ്ട് ന്. 020641200430945 | : | 29,087.00 |
| 6) രൊക്കം പണം | : | 19,069.00 |
| ആകെ | : | 1,30,21,075.00 |

തോന്നയ്ക്കൽ അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപം നം. 334/17-18 പ്രകാരമുള്ള ഒരു ലക്ഷം രൂപയുടെ പലിശ ഇനത്തിലുള്ള 47806/- രൂപ വാർഷിക ധനകാര്യ പത്രികയിലെ വരവിൽ ചേർത്തിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചാർജ്ജ് തുകയായ 14119/- രൂപ KL006685887 തീയതി 20.7.2018 പ്രകാരം ജില്ലാ ട്രഷറിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. (വൗ. നം. 959/10.1032017)

## 4-2 ഓഡിറ്റ് ചാർജ്ജ്

| | | | |
|---|---|---|---|
| 2017-18 ലെ ആകെ വരവ് | : | | 6995744.00 |
| 1) ഗവൺമെന്റ് ഗ്രാന്റ് (മെയിന്റനൻസ്) | : | 1500000.00 | |
| 2) നോൺ പ്ലാൻ | : | 1000333.00 | |

| | | | |
|---|---|---|---|
| 3) പ്ലാൻ ഗ്രാന്റ് | : | 3208333.00 | |
| 4) ലൈബ്രറി കൗൺസിൽ ഗ്രാന്റ് | : | 20500.00 | |
| 5) സെക്രട്ടറി മുൻകൂർ | : | 37500.00 | |
| 6) ആദായ നികുതി | : | 5825.00 | |
| 7) ശമ്പള മുൻകൂർ | | 21496.00 | |
| 8) യൂണിവേഴ്സിറ്റി ഗ്രാന്റ് (വിവേകോദയം) | : | 15000.00 | |
| ആകെ | : | 5808987.00 | |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്ന വരവ് | : | | 1186757.00 |
| ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ | : | | 11868.00 |

തൻവർഷത്തെ ഓഡിറ്റ് ചാർജ്ജ് തുകയായ 11,868/- രൂപ “0070-60-110-99-ഓഡിറ്റ് ചാർജ്ജ്” എന്ന ഹെഡിൽ ട്രഷറിയിൽ ഒടുക്കി അസൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

## 4-3 റിവോൾവിംഗ് ഫണ്ട്

| | | |
|---|---|---|
| മുന്നിരിപ്പ് | : | 9,980.00 |
| വരവ് | : | ഇല്ല |
| ആകെ | : | 9,980.00 |
| ചെലവ് | : | ഇല്ല. |
| നീക്കിയിരിപ്പ് | : | 9,980.00 |
| നീക്കിയിരിപ്പ് ജില്ലാ ട്രഷറി | | 9,980.00 |

സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച പ്രസ്തുത അക്കൗണ്ടിൽ കാലങ്ങളായി യാതൊരു വിധ ഇടപാടുകളും നടക്കുന്നില്ല. നിഷ്ക്രിയമായി കിടക്കുന്ന ഈ തുക ഉചിതമായി വിനിയോഗിക്കുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ബിഎൽ.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, തിരുവനന്തപുരത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ആയതിലേയ്ക്ക് ആവശ്യമായ വിവരങ്ങളും വിശദീകരണങ്ങളും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണത്തിന് വിധേയമായും ഓഡിറ്റ് വേളയിൽ വിശദീകരിക്കപ്പെട്ട പ്രകാരവും, എന്റെ അഭിപ്രായത്തിൽ തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചറിന് അനുവദിക്കപ്പെട്ട ധനസഹായം വ്യവസ്ഥ പ്രകാരം തന്നെയാണ്

ചെലവഴിച്ചിട്ടുള്ളതെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 2

## 2017-18 വരവ് ചെലവ് പത്രിക

| വരവിനം | തുക (രൂ.) | ചെലവിനം | തുക (രൂ.) |
|---|---|---|---|
| പുസ്തക വിൽപ്പന | 301280.00 | ആശാൻ ഭവന സംരക്ഷണം | 33115.00 |
| ഗേറ്റ് കൂപ്പൺ | 304310.00 | ആശാൻ ജന്മ വാർഷിക | 312682.00 |
| വീഡിയോ സ്റ്റിൽ ഫോട്ടോഗ്രാഫി | 116350.00 | ആശാൻ അനുസ്മരണം | 61061.00 |
| ചെടി വിൽപ്പന | 32260.00 | ശമ്പള അഡ്വാൻസ് | 30996.00 |
| ലൈബ്രറി വരവ് | 19795.00 | ശമ്പളം | 2226806.00 |
| ചിത്രരചനാ പഠനം | 16400.00 | യാത്രാബത്ത | 31993.00 |
| സംഗീത പഠനം | 14400.00 | തപാൽ | 17068.00 |
| ഹാൾ വാടക | 26850.00 | സ്റ്റേഷനറി അച്ചടി | 37555.00 |
| വസ്തുവിൽ നിന്നുള്ള ആദായം | 14320.00 | കറന്റ് ചാർജ്ജ് | 59965.00 |

| | | | |
|---|---|---|---|
| വിവേകോദയം വരി | 2930.00 | ടെലിഫോൺ ചാർജ്ജ് | 17114.00 |
| വിവേകോദയം ഗ്രാന്റ് | 15000.00 | അതിഥി സത്ക്കാരം | 55367.00 |
| ക്യാന്റീൻ വാടക | 39900.00 | അവധിക്കാല പഠനോത്സവം | 130547.00 |
| പലിശ | 20581.00 | പുസ്തക വില (പ്രസാധകർക്ക്) | 26540.00 |
| ശമ്പള അഡ്വാൻസ് | 21496.00 | സംഗീത പഠനം | 26000.00 |
| വിദ്യാരംഭം | 176900.00 | ചിത്രകലാ പഠനം | 32500.00 |
| ഗുരുദക്ഷിണ | 35885.00 | വാഹന ചെലവ് | 155259.00 |
| കാണിക്ക | 5172.00 | ലൈബ്രറി | 189266.00 |
| അവധിക്കാല പഠനം | 23500.00 | ചെടി നഴ്സറി | 203781.00 |
| സംഭാവന | 3450.00 | വിവേകോദയം | 30.00 |
| സെക്രട്ടറി അഡ്വാൻസ് | 37500 | കാവ്യശിൽപ നിർമ്മാണം | 174005.00 |
| ബാങ്ക് ചാർജ്ജ് | 30.00 | ലോക്കൽ വാടക | 1725.00 |
| ആദായ നികുതി | 5825.00 | വിദ്യാരംഭം | 186023.00 |
| പലവക | 32438.00 | ബാങ്ക് ചാർജ്ജ് | 240.00 |
| ലൈബ്രറി കൗൺസിൽ ഗ്രാന്റ് | 20500.00 | ഓഡിറ്റ് ചാർജ്ജ് | 14119.00 |
| വാർഷിക നോൺ പ്ലാൻ ഗ്രാന്റ് | 1500000.00 | കുമാരകവി പുരസ്കാരം | 30000.00 |
| നോൺ പ്ലാൻ ഗ്രാന്റ് | 1000333.00 | ശിവഗിരി തീർത്ഥാടകർക്ക് സൗകര്യം | 26557.00 |
| പ്ലാൻ ഗ്രാന്റ് | 3208333.00 | സിറ്റിംഗ് ഫീസ് | 58000.00 |
| | | ഭരണ സമിതി അംഗത്തിന് അലവൻസ് | 47000.00 |
| | | വസ്തു കൈമാറ്റം | 16836.00 |

| | | | |
|---|---|---|---|
| | | ആദായ നികുതി | 5825.00 |
| | | ആദായ നികുതി റിട്ടേൺ ഫയലിംഗ് | 900.00 |
| | | സ്റ്റേജ് നിർമ്മാണം | 401865.00 |
| | | കഫറ്റേറിയ, സെക്യൂരിറ്റി ക്യാബിൻ | 62414.00 |
| | | ദേശീയ സാംസ്കാരികോത്സവം | 947957.00 |
| | | കെട്ടിട നികുതി | 1022.00 |
| | | സെകട്ടറി അഡ്വാൻസ് | 37500.00 |
| | | പലവക | 193839.00 |
| | | ഡെക്കോ പെയിന്റിംഗ് | 125115.00 |
| ആകെ വരവ് | 6995744.00 | ആകെ ചെലവ് | 5978587.00 |
| മുന്നിരിപ്പ് | 12003918.00 | നീക്കിയിരിപ്പ് | 13021075.00 |
| ആകെ മൊത്തം | 18999662.00 | ആകെ മൊത്തം | 18999662.00 |

ഒപ്പ്

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.